LIBRARY ARCHIVES Kerala Legislative Assembly

എം.ആർ.സി. കൃഷ്ണൻ മൾട്ടിപർപ്പസ് സ്റ്റേഡിയത്തിലെ ടർഫ്

303(1288) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് നടക്കാവ് വലിയ കൊവ്വൽ മൈതാനിയിൽ കിഫ്ബി ഫണ്ട് വഴി പണി ആരംഭിച്ച എം.ആർ.സി. കൃഷ്ണൻ മൾട്ടിപർപ്പസ് സ്റ്റേഡിയത്തിൽ നേരത്തേ ഉണ്ടായിരുന്നതും ഇപ്പോൾ ജീർണ്ണാവസ്ഥയിലുള്ളതുമായ ഇലവൻസ് ടർഫ് ഗ്രൗണ്ട് കിഫ്ബിയിൽ ഉൾപ്പെടുത്തി പുതുക്കിപ്പണിയാൻ നടപടി സ്വീകരിക്കുമോ?

കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട കാസർഗോഡ് ജില്ലാ സ്റ്റേഡിയമായ എം.ആർ.സി. കൃഷ്ണൻ ഇൻഡോർ സ്റ്റേഡിയത്തിന്റെ പ്രവൃത്തികളുടെ കിഫ്ബി അംഗീകരിച്ച ഡി.പി.ആർ.-ൽ നിലവിലുള്ള ഇലവൻസ് ടർഫിന്റെ നവീകരണം ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ കിഫ്ബി പദ്ധതികളുടെ നിബന്ധനകൾ പ്രകാരം ടർഫിന്റെ നവീകരണം ഇപ്പോൾ പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയില്ല.

ഗ്രാമപഞ്ചായത്തുകളിൽ പൊതു കളിസ്ഥലം

304(1289) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു കളിസ്ഥലം ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ കളിസ്ഥലത്തിനായി സ്വകാര്യ വ്യക്തികളിൽനിന്ന് സ്ഥലം വാങ്ങുന്നതിന് ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ;

&

(ബി) തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ സ്ഥലമില്ലെങ്കിൽ മറ്റു വകുപ്പുകളുടെ ഉപയോഗശൂന്യമായ സ്ഥലത്ത് വകുപ്പുതല ഡെസ്റ്റിനേഷൻ കമ്മിറ്റിയുടെ നിയന്ത്രണത്തിൽ കളിസ്ഥലം നിർമ്മിക്കുന്നതിന് പ്രത്യേക പരിഗണന നൽകുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

നിലവിൽ പരിഗണനയിലില്ല.